# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 58 06.01.2014-ൽ മറുപടിയ്ക്ക്

### <u>സോളാർ തട്ടിപ്പ് കേസിനോടനുബന്ധിച്ച ജുഡീഷ്യൽ അന്വേഷണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സോളാർ തട്ടിപ്പുകേസ് ജുഡീഷ്യൽ അന്വേഷണത്തിന് വിട്ടുകൊണ്ട് തീരുമാനം എടുത്ത തീയതിയും അന്വേഷണത്തിനുള്ള ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച തീയതിയും എന്നാണ് ; | (എ) സോളാർ തട്ടിപ്പുകേസ് ജുഡീഷ്യൽ അന്വേഷണത്തിന് വിട്ട തീരുമാനം എടുത്തത് 16.08.2013 - ലും ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച ത് 10.10.2013- നുമാണ്. |
| ബി) ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തു ന്നതിന് വേണ്ടി ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്ന് സർക്കാരിന് നിർദ്ദേശങ്ങൾ ലഭിച്ചു വെന്നും ലഭിച്ച എല്ലാ നിർദ്ദേശങ്ങളും ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തി യിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആരുടെ നിർദ്ദേശങ്ങളാണ് പരിഗണിക്കാതിരിന്നിട്ടു ള്ളത് എന്നും വിശദമാക്കാമോ; | (ബി) സർക്കാരിന് ലഭിച്ച എല്ലാ നിർദ്ദേശങ്ങളും പരിഗണിച്ച ശേഷമാണ് ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചത്. |
| സി) ജുഡീഷ്യൽ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുത ലെന്നും കമ്മീഷന് പ്രവർത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിക്കൊ ടുത്തിട്ടുണ്ടെന്നും എത്ര സർക്കാർ ഉദ്യോഗ സ്ഥന്മാരുടെ സേവനം ലഭ്യമാക്കിയി ട്ടുണ്ടെന്നും വ്യക്തമാക്കുമോ ; കമ്മീഷനെ സഹായിക്കാൻ വേണ്ടി നിയോഗിക്കപ്പെട്ട വരുടെ പേരു വിവരങ്ങൾ വെളിപ്പെടു ത്താമോ? | (സി) ജുഡീഷ്യൽ കമ്മീഷനായി ജസ്റ്റിസ് ജി. ശിവരാജനെ (റിട്ട. ഹൈക്കോടതി ജഡ്ജി) സർക്കാർ വിജ്ഞാപനം 77989/എസ്. എസ്. എ 2/2013/ആഭ്യന്തരം ആയി 28.10.2013-ന് നിയമിക്കുകയുണ്ടായി. കമ്മീഷന്റെ ആസ്ഥാനം കൊച്ചിയാണ്. കമ്മീഷന്റെ പ്രവർത്തനത്തിന് താത്കാലിക സ്റ്റാഫിനെ നിയമിക്കുവാൻ അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ സെക്രട്ടറിയായി ശ്രീ. പി. എസ്. ദിവാകരനെ നിയമിച്ചുകൊണ്ടും സർക്കാർ ഉത്തരവായി. |

സെക്ഷൻ ഓഫീസർ